7
2021
ഡിസംബർ
തിങ്കൾ
1197
വൃശ്ചികം 22

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 199 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-199 പേജ് 4. വില 2.00 രൂപ




02 ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നവരിൽ മൂന്ന് പേർ കോവിഡ് പോസിറ്റീവ്: മന്ത്രി
03 സഹകരണ മേഖലയ്ക്കെതിരായ നീക്കങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം ഉയരണം
04 കെഎസ്ആർടിസി ശമ്പള പരിഷ്കരണ ചർച്ച ഒന്പതിന്

# ഇന്ത്യാ – റഷ്യ ബന്ധം ദൃഢമാക്കും

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദി, റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തി. ഹൈദരാബാദ് ഹൗസിലെത്തിയ പുടിനെ മോദി സ്വീകരിച്ചു. കോവിഡിനെതിരായ പോരാട്ടത്തിൽ റഷ്യ നൽകിയ പിന്തുണയ്ക്ക് നന്ദിയുണ്ടെന്ന് മോദി അറിയിച്ചു.

ഇന്ത്യ വൻശക്തിയാണെന്നും ദീർഘകാല സുഹൃദ് രാജ്യമെന്നും റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുടിൻ. ഇരുരാജ്യവും തമ്മിലുള്ള ബന്ധം വെല്ലുവിളികൾക്കിടയിലും ശക്തമായി വളരുകയാണെന്നു പുടിനും, എക്കാലത്തേക്കാളും ശക്തമായെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിയും പറഞ്ഞു.



പ്രസിഡൻറ് പുടിൻറെ ഇന്ത്യാ സന്ദർശനം ചരിത്രപരമായ വഴിത്തിരിവാകുമെന്നു മോദി പറഞ്ഞു. മൂന്നു പതിറ്റാണ്ടിലേറെയുള്ള ഇന്ത്യ റഷ്യ തന്ത്രപരമായ പങ്കാളിത്തത്തിന് പ്രസിഡൻറ് പുടിനെ അഭിനന്ദിക്കുന്നുവെന്നും ഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ ഇന്നലെ നടത്തിയ ചർച്ചയിൽ പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. പുടിൻറെ സന്ദർശനം ഇന്ത്യയോടുള്ള അടുപ്പമാണു വ്യക്തമാക്കുന്നത്.

കോവിഡ് 19 ഉയർത്തുന്ന വെല്ലുവിളികൾക്കിടയിലും ഇന്ത്യറഷ്യ ബന്ധത്തിൻറെ വളർച്ചയുടെ വേഗത്തിൽ മാറ്റമില്ല. പ്രത്യേകാവകാശമുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തമായി തുടരുകയാണെന്നും മോദി ചൂണ്ടിക്കാട്ടി.

ഇന്ത്യ റഷ്യ 21ാമത് ഉച്ചകോടിക്കായി ഇന്നലെ വൈകുന്നേരം ഡൽഹിയിലെത്തിയ പുടിന് പ്രധാനമന്ത്രി മോദി ഹൈദരാബാദ് ഹൗസിൽ ഊഷ്മള വരവേൽപാണു നൽകിയത്. കോവിഡിനു ശേഷമുള്ള പുടിൻറെ രണ്ടാമത്തെ വിദേശ സന്ദർശനമാണിത്. പുടിൻറെ ഇന്ത്യ സന്ദർശനം ആഗോളതലത്തിൽ വലിയ പ്രാധാന്യമുള്ളതായി.

റഷ്യയുടെ പ്രതിരോധ, വിദേശകാര്യമന്ത്രിമാർ പുടിനു മുന്പായി ഡൽഹിയിലെത്തി തന്ത്രപ്രധാന കരാറുകളിലൊപ്പുവച്ചു. ആറു മണിക്കൂർ മാത്രം നീണ്ട സന്ദർശനം പൂർത്തിയാക്കി ഇന്നു പുലർച്ചെ പുടിൻ മടങ്ങി. രണ്ടു വർഷത്തിനു ശേഷമാണു പുടിനും മോദിയും നേരിൽ കാണുന്നത്. 2019ൽ ബ്രസീലിൽ നടന്ന ബ്രിക്സ് (ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക) ഉച്ചകോടിക്കിടെ ഇരുനേതാക്കളും കൂടിക്കാഴ്ച നടത്തിയിരുന്നു.

അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണം, സുരക്ഷാ സാഹചര്യം, തീവ്രവാദ ഭീകരാക്രമണ ഭീഷണികൾ, തീവ്രവാദ ധനസഹായങ്ങൾ, ആയുധമയക്കുമരുന്ന് വ്യാപാരം തുടങ്ങിയവ മോദിയും പുടിനും ചർച്ച ചെയ്തു. ഇരുരാജ്യങ്ങളും ആശങ്കകൾ പങ്കിടുകയും സഹകരണം ശക്തിപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തതായി ഉന്നതകേന്ദ്രങ്ങൾ അറിയിച്ചു.

'തീവ്രവാദവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളെക്കുറിച്ചും സ്വാഭാവികമായും ഞങ്ങൾ ആശങ്കാകുലരാണ്. തീവ്രവാദത്തിനെതിരായ പോരാട്ടം മയക്കുമരുന്നു കടത്തിനും സംഘടിത കുറ്റകൃത്യങ്ങൾക്കും എതിരായ പോരാട്ടംകൂടിയാണ്. അഫ്ഗാനിസ്ഥാനിലെ സംഭവവികാസങ്ങളിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്" റഷ്യൻ പ്രസിഡൻറ് പറഞ്ഞു.

നിലവിൽ ഏകദേശം 38 ബില്യൺ ആണു പരസ്പര നിക്ഷേപം. ഇതിൽ റഷ്യയുടെ ഭാഗത്തുനിന്നു കുറച്ചു കൂടുതൽ നിക്ഷേപമുണ്ട്. സൈനിക, സാങ്കേതിക മേഖലകളിൽ മറ്റേതൊരു രാജ്യത്തേക്കാളും ഇന്ത്യയുമായി സഹകരിക്കുന്നു. ഉയർന്ന സാങ്കേതികവിദ്യകൾ വികസിപ്പിക്കുകയും ഇന്ത്യയിൽ ഉത്പാദിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും പുടിൻ പറഞ്ഞു

## ഒമിക്രോൺ ഭീഷണി: ബൂസ്റ്റർ ഡോസ് അടിയന്തരമായി നൽകണമെന്ന് ഐഎംഎ

ന്യൂഡൽഹി: ഒമിക്രോൺ ഉൾപ്പടെ പുതിയ വകഭേദങ്ങൾ വ്യാപകമാകുന്ന പശ്ചാത്തലത്തിൽ ആരോഗ്യ പ്രവർത്തകർക്കും മുൻനിര പ്രവർത്തകർക്കും കോവിഡ് വാക്സിൻറെ ബൂസ്റ്റർ ഡോസുകൾ നൽകണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ).

പല വാക്സിൻ നിർമാതാക്കളും ഒമിക്രോൺ പ്രതിരോധത്തിന് തങ്ങളുടെ വാക്സിന് ശേഷിയുണ്ടോ എന്ന പരിശോധനകൾ നടത്തി തുടങ്ങിയിട്ടുണ്ട്. ആവശ്യമെങ്കിൽ പുതിയ വാക്സിൻ തന്നെ കണ്ടെ ത്തണമെന്നുമാണ് ഐഎംഎം മേധാവി ഡോ. ജെ.എ. ജയലാൽ പറഞ്ഞത്.

## പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിന് ഏകദിന പരിശോധന ജനുവരി 9 ന്

പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനായുള്ള ഏകദിന പരിശോധന ജനുവരി 9 ന് നടക്കുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ അറിയിച്ചു. സംസ്ഥാന സർക്കാർ മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം നടത്തുന്നത് പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ്. മൂന്ന് വർഷം കൂടുമ്പോൾ ഫിഷറീസ്, സിവിൽ സപ്ലൈസ്, മത്സ്യഫെഡ് എന്നീ വകുപ്പുകൾ സംയുക്തമായി ഏകദിന പരിശോധന നടത്തിയാണ് പെർമിറ്റ് വിതരണം ചെയ്യുന്നത്.

കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന യാനങ്ങൾക്ക് മാത്രമാണ് പെർമിറ്റ് ലഭിക്കുക. ഫിഷിംഗ് ലൈസൻസ് ഉള്ളതും ഫിഷറീസ് ഇൻഫമർമേഷൻ മാനേജ്മെന്റ് രജിസ്ട്രേഷൻ നടത്തിയതുമായ യാനങ്ങൾക്ക് മാത്രമേ പെർമിഷറ്റ് അനുവദിക്കുകയുള്ളൂ. 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള എഞ്ചിനുകൾക്ക് പെർമിറ്റ് ലഭിക്കുകയില്ല. ഒരു വ്യക്തിക്ക് പരമാവധി രണ്ട് എഞ്ചിനുകൾക്ക് മാത്രമേ പെർമിറ്റ് അനുവദിക്കുകയുള്ളൂ. അർഹതയുള്ളവർക്ക് പെർമിറ്റ് ഉറപ്പാക്കുകയാണ് ലക്ഷ്യം.

## മത്സ്യബന്ധനത്തിനിടെ ഉൽക്കടലിൽ വള്ളം മറിഞ്ഞ് അപകടം

കോവളം : മത്സ്യബന്ധനത്തിനിടെ ഉൽക്കടലിൽ വള്ളം മറിഞ്ഞ് അപകടം . മറിഞ്ഞ വള്ളത്തിലുണ്ടായിരുന്ന നാല്പേരെ മറ്റ് മത്സ്യതാഴിലാളികൾ രക്ഷപ്പെടുത്തി കരയ്ക്കെത്തിച്ചു. ഇന്നലെ പുലർച്ചെ ഒരുമണിയോടെ വിഴിഞ്ഞത്ത്നിന്നും 10 നോട്ടിക്കൽ മൈൽ ഉള്ളിലാണ് അപകടം നടന്നത്. പുല്ലുവിള ചെമ്പകരാമൻതുറസ്വദേശി ടോമി ജോർജ്ജ് ഗോമസിൻറെ ഉടമസ്ഥതയിലുള്ളവള്ളത്തിൽ പുല്ലുവിളയിൽനിന്ന്മത്സ്യബന്ധനത്തിന് പോയവരാണ് അപകടത്തിൽപെട്ടത്. മീൻപിടിക്കാനായി കടലിൽ വിരിച്ച വല വലിച്ചുകയറ്റുന്നതിനിടെ തിരയിൽപെട്ട് വള്ളം മറിയുകയായിരുന്നു.

വള്ളത്തിലുണ്ടായിരുന്ന നാലുപേരും മറിഞ്ഞ വള്ളത്തിൽ പിടിച്ചു കിടന്നാണ് രക്ഷപ്പെട്ടത്.

പുല്ലുവിള സ്വദേശികളായ ബിജുമോൻ, ഷാജി, തദയൂസ്, സിലുവയ്യൻഎന്നിവരെ മറ്റ് വള്ളങ്ങളിലുള്ള മത്സ്യതൊഴിലാളി കൾ രക്ഷപ്പെടുത്തി കരയ്ക്കത്തിക്കുകയായിരുന്നു. ഇന്നലെ രാവിലെയോടെ മറ്റൊരു വള്ളത്തിൻറെ സഹായത്തോടെ തെരച്ചിലിനിറങ്ങി മറിഞ്ഞ വള്ളവും ഉപകരണങ്ങളും കണ്ടെത്തി ഉച്ചയോടെ കരയ്ക്കെത്തിച്ചെങ്കിലും വള്ളം,എഞ്ചിൻ മറ്റ് ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും ഉപയോഗശൂന്യമായതായി വള്ളത്തിൻറെ ഉടമ പറഞ്ഞു.വിഴിഞ്ഞം തീരദേശ പോലീസിൽ അപകടംസംബന്ധിച്ച വിവരം ഇന്നലെ സന്ധ്യയോടെയാണ് ലഭിച്ചതെന്നും ഉപകരണങ്ങൾ പരിശോധിച്ച ശേഷമേ നാശനഷ്ടം വിലയിരുത്താനാകൂവെന്നും തീരദേശപോലീസ് പറഞ്ഞു

## നാഗാലാൻഡ് വെടിവയ്പ് : സൈനികർക്കെതിരേ കൊലക്കുറ്റത്തിനു കേസ്



കൊഹിമ: നാഗാലാൻഡിലെ മോൺ ജില്ലയിൽ സുരക്ഷാസേന!യുടെ വെടിയേറ്റ് 14 ഗ്രാമീണർ കൊല്ലപ്പെട്ട സംഭവത്തിൽ 21 പാരാ സ്പെഷൽ ഫോഴ്സ് ജവാന്മാർക്കെതിരേ നാഗാലാൻഡ് പോലീസ് കൊലക്കുറ്റത്തിനു കേസെടുത്തു.

നാട്ടുകാർക്കു നേരേ പ്രകോപനമില്ലാതെ സൈന്യം വെടിവയ്ക്കുകയായിരുന്നുവെന്ന് എഫ്ഐആറിൽ പറയുന്നു. വെടിവയ്പിനെതിരേ നാഗാലാൻഡിലെങ്ങും പ്രതിഷേധം അലയടിക്കുകയാണ്.

സുരക്ഷാസേനയ്ക്കു നേരേ വിവിധയിടങ്ങളിൽ പ്രതിഷേധം അരങ്ങേറി. മോൺ പട്ടണത്തിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. പലയിടങ്ങളിലും ഇന്നലെ കടകൾ അടച്ചു പ്രതിഷേധിച്ചു. നാഗാ സ്റ്റുഡൻറ്സ് ഫെഡറേഷൻ(എൻഎസ്എഫ്) ആഹ്വാനം ചെയ്ത ആറു മണിക്കൂർ ബന്ദ് സമാധാനപരമായിരുന്നു.

സുരക്ഷാസേനയുടെ വെടിവയ്പിൽ കൊല്ലപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച് അനിശ്ചിതത്വമുണ്ട്. 17 പേർ കൊല്ലപ്പെട്ടുവെന്നാണു കോന്യാക് യൂണിയൻ ആദ്യം പറഞ്ഞത്. പിന്നീട് 14 എന്നു തിരുത്തി. ശനി, ഞായർ ദിവസങ്ങളിലുണ്ടായ വെടിവയ്പിൽ 14 പേർ കൊല്ലപ്പെട്ടുവെന്നാണു പോലീസ് പറയുന്നത്.

വെടിവയ്പിൽ കൊല്ലപ്പെട്ടവരുടെ സംസ്കാരം ഇന്നലെ നടത്തി. നാഗാലാൻഡിൽ സൈന്യത്തിനു പ്രത്യേക അധികാരം നല്കുന്ന എഎഫ്എസ്പിഎ നിയമം പിൻവലിക്കണമെന്ന്, സംസ്കാരച്ചടങ്ങിനെത്തിയ നാഗാലാൻഡ് മുഖ്യമന്ത്രി നെഫ്യു റിയോ ആവശ്യപ്പെട്ടു.

നാട്ടുകാർക്കു നേരേ പ്രകോപനമില്ലാതെ സുരക്ഷാസേന വെടിവയ്ക്കുകയായിരുന്നുവെന്നു പറഞ്ഞ മുഖ്യമന്ത്രി കുറ്റക്കാർക്കെതിരേ കർശന നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. പിക്കപ്പ് വാനിൽ വീടുകളിലേക്കു മടങ്ങുകയായിരുന്ന ഖനി ത്തൊഴിലാളികൾ തീവ്രവാദികളാണെന്നു തെറ്റിദ്ധരിച്ച് സുരക്ഷാസേന നടത്തിയ വെടിവയ്പിലാണ് ആറു പേർ കൊല്ലപ്പെട്ടത്.

തൊഴിലാളികൾ വീടുകളിലെത്താ തിരുന്നതി നെത്തുടർന്ന് നാട്ടുകാർ നടത്തിയ തെരച്ചിലിനിടെയാണ് സംഭ വമറിഞ്ഞത്.സുരക്ഷാസേനയുമായി ഇവർ ഏറ്റുമുട്ടിയ തോ ടെ ഒരു ജവാൻ കൊല്ലപ്പെട്ടു. തുടർന്നു സുരക്ഷാസേന നടത്തിയ വെടിവയ്പിൽ ഏഴു പേർകൂടി കൊല്ലപ്പെട്ടു.

രോഷാകുലരായ ജനക്കൂട്ടം ആസാം റൈഫിൾസ് ക്യാമ്പ് ആക്രമിച്ചു നശിപ്പിച്ചു. ഇവിടെ ജവാന്മാർ നടത്തിയ വെടിവയ്പിൽ ഒരു നാട്ടുകാരൻകൂടി കൊല്ലപ്പെട്ടു. പരിക്കേറ്റ ആറു പേരുടെ നില ഗുരുതരമാണ്.

ഡിസംബർ 7 സായുധസേനാ പതാകദിനം



രാഷ്ട്രത്തിനുവേണ്ടി ജീവൻ ത്യജിച്ച ധീര രക്തസാക്ഷികളോടുള്ള അഗാധമായ ആദരവ് അർപ്പിക്കുന്നതിനായാണ് എല്ലാ വർഷവും നാം സായുധസേനാ പതാകദിനം ആചരിക്കുന്നത് ജീവിതത്തിന്റെ സുവർണകാലഘട്ടം രാജ്യസുരക്ഷയ്ക്കായി ഉഴിഞ്ഞുവച്ച വിമുക്തഭടന്മാരുടെ സേവനങ്ങൾക്കൊപ്പം ഒരിക്കലും തളരാത്ത വീര്യത്തോടെയും വിശ്വസ്തതയോടെയും രാജ്യത്തിന്റെ സ്വാതന്ത്ര്യവും അഖണ്ഡതയും പരിരക്ഷിക്കുന്ന സായുധ സേനാംഗങ്ങളുടെ വിലപ്പെട്ട സേവനങ്ങളെ തികഞ്ഞ കൃതജ്ഞതയോടെ സ്മരിക്കുന്ന ഡിസംബർ സായുധസേനാ പതാകദിനമായി ആചരിക്കുകയാണ്

കാർ ഫ്ലാഗുകളുടെയും ടോക്കൺ ഫ്ലാഗുകളുടെയും വിൽപനയിലൂടെ സമാഹരിക്കുന്ന പതാകദിന ഫണ്ട് വിമുക്തഭടൻമാർ സൈനികരുടെ വിധവകൾ മക്കൾ എന്നിവർക്ക് സാമ്പത്തിക സഹായം നൽകാനാണ് വിനിയോഗിക്കപ്പെടുക പതാകദിന നിധി സമാഹരണത്തിൽ ജില്ലകൾ തമ്മിൽ ആരോഗ്യപരമായ മൽസരം ഉറപ്പാക്കാൻ മുഖ്യമന്ത്രി അദ്ധ്യക്ഷനായ പതാകദിന ഫണ്ട് സമിതി റോളിംഗ് ട്രോഫികൾ ഏർപ്പെടുത്തിയിട്ടുണ്ട് ഏറ്റവും കൂടുതൽ തുക സമാഹരിക്കുന്ന ജില്ല വിദ്യാഭ്യാസ സ്ഥാപനം എൻ സി സി ബറ്റാലിയൻ എന്നിവയ്ക്ക് റോളിംഗ് ട്രോഫികൾ നൽകും

പതാകദിന നിധി ലേക്ക് ഉദാരമായ സംഭാവനകൾ നൽകി ഉദാത്തമായ ഈ ഉദ്യമത്തെ വൻവിജയമാക്കണമെന്ന് കേരളജനതയോട് ഞാൻ അഭ്യർത്ഥിക്കുന്നു

ആരിഫ് മുഹമ്മദ് ഖാൻ
ഗവർണർ



നമ്മുടെ രാജ്യത്തിന്റെ സുരക്ഷയ്ക്ക് വേണ്ടി സ്വയം സമർപ്പിച്ചിരിക്കുന്ന ജവാൻമാരുടെ ത്യാഗത്തിന്റെയും നിസ്വാർത്ഥ സേവനത്തിന്റേയും ഓർമ്മ പുതുക്കുന്ന പതാകദിനത്തിൽ എല്ലാ സൈനികർക്കും വിമുക്തഭടന്മാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഞാൻ അഭിവാദനങ്ങൾ അർപ്പിക്കുന്നു

വീരജവാന്മാരുടെ രാഷ്ട്രസേവനത്തെക്കുറിച്ചും വിമുക്തഭടന്മാരുടെയും ആശ്രിതരുടെയും അവസ്ഥയെക്കുറിച്ചും ചിന്തിക്കുവാൻ ഈ ദിനം നമുക്ക് അവസരം തരുന്നു അവരെ സഹായിക്കുവാൻ സ്വരൂപിക്കുന്ന പതാകദിന ഫണ്ടിലേയ്ക്ക് സംഭാവന നൽകുന്നതു വഴി നാം അവരെ ആദരിക്കുകയും അവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുന്നു

നാം ഒരു വലിയ കടമ ഇതിലൂടെ നിറവേറ്റുന്നു പതാകദിന ഫണ്ട് വിജയിപ്പിച്ച് രാഷ്ട്രസേവനത്തിൽ പങ്കാളികളാകുവാൻ എല്ലാ കേരളീയരോടും ഞാൻ അഭ്യർത്ഥിക്കുന്നു

പിണറായി വിജയൻ
മുഖ്യമന്ത്രി

സംഭാവനകൾ അയയ്ക്കേണ്ട വിലാസം: ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം 23

സൈനിക ക്ഷേമ വകുപ്പ് | ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ




കയർഫെഡിന്റെ പുതവർഷ സ്വർണ്ണമഴ പദ്ധതിയുടെ ഉദ്ഘാടനം വ്യവസായ മന്ത്രി പി. രാജീവ് നിർവഹിക്കുന്നു

# പൊതുഗതാഗത സൗകര്യ വികസനത്തിന് കേരളവും തമിഴ്നാടും കൈകോർക്കും: മന്ത്രി

കേരളത്തിലെ പൊതു ഗതാഗത സൗകര്യ വികസനത്തിനായി തമിഴ്നാടുമായി കൈകോർക്കുമെന്ന് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു അറിയിച്ചു. കേരളത്തിലേയും, തമിഴ്നാട്ടിലേയും പൊതു ഗതാഗത രംഗത്ത് കൂടുതൽ സഹരണമാവശ്യപ്പെട്ടു തമിഴ്നാട് ഗതാഗത വകുപ്പ് മന്ത്രി ആർ.എസ്. രാജാ കണ്ണപ്പയുമായും, ധനകാര്യ മന്ത്രി പളനി വേൽ ത്യാഗരാജനുമായി ചെന്നൈയിൽ ചർച്ച നടത്തിയ ശേഷമാണ് മന്ത്രി ഇത് അറിയിച്ചത്.

സൗത്ത് ഇന്ത്യൻ ട്രാൻസ്പോർട്ട് കൗൺസിലിന്റെ (ടകഠഇഒ) കേരളത്തിൽ നടക്കുന്ന അടുത്ത സമ്മേളനത്തിലേക്ക് തമിഴ്നാട് ഗതാഗതമന്ത്രിയെ മന്ത്രി ആന്റണി രാജു ക്ഷണിച്ചു. 2022 ഏപ്രിലിൽ കേരളത്തിൽ നടക്കുന്ന യോഗത്തിൽ എട്ട് സംസ്ഥാനങ്ങളിലെ ഗതാഗത മന്ത്രിമാർ ഗതാഗത സെക്രട്ടറിമാർ, ട്രാൻസ്പോർട്ട് കമ്മീഷണർമാർ, സ്റ്റേറ്റ് ട്രാൻസ്പോർട്ട് കമ്മിറ്റി അംഗങ്ങൾ, കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുക്കുമെന്നും മന്ത്രി അറിയിച്ചു. ചൊവ്വാഴ്ച ഡൽഹിയിൽ എത്തി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിധിൻ ഗഡ്ഗരിയെ നേരിൽക്കണ്ട് യോഗത്തിലേക്ക് ക്ഷണിക്കും. മന്ത്രിക്കൊപ്പം ഗതാഗത സെക്രട്ടറി ബിജു പ്രഭാകറുമുണ്ടായിരുന്നു.

ഭാരത് സീരീസിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതോട് കൂടി ഇന്ന് സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാനത്തിൽ കുറവുണ്ടാകും. അത് കൊണ്ട് കേരളവും തമിഴ്നാടും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഭാരത് സീരീസ് ഇത് വരെ നടപ്പിലാക്കിയിട്ടില്ല. സംസ്ഥാന സർക്കാരുകൾക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നുള്ളത് കൊണ്ട് അത് നികത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തും. ചെക്ക് പോസ്റ്റുകൾ ഒഴിവാക്കണമെന്ന കേന്ദ്ര നിർദ്ദേശം, നടപ്പാക്കുമ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ നിരവധിയാണ്. അനധികൃത സാധനങ്ങൾ കടത്തിക്കൊണ്ട് പോകാൻ സാധ്യതയുണ്ട്. അതുപോലെ സംസ്ഥാനങ്ങളിലേക്ക് വരുകയും പോകുകയും ചെയ്യുന്ന സാധനങ്ങൾ എന്താണെന്ന് അറിയാൻ കഴിയില്ല.

കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് പഠിക്കാൻ ആർബിഐ നിയോഗിച്ച കാമത്ത് കമ്മിറ്റിയിൽ പൊതുഗതാഗത സംവിധാനത്തെ മാത്രം ഉൾപ്പെടുത്തിയിട്ടില്ല. ഇത് തിരുത്തണമെന്ന് ഇരു സംസ്ഥാന സർക്കാരുകളും കേന്ദ്രത്തോട് ആവശ്യപ്പെടും. സംസ്ഥാനങ്ങളിലെ പൊതുഗതാഗത സർവ്വീസുകൾ ദേശീയ പാതയിൽ ഭീമമായ ടോൾ നൽകേണ്ടിവരുന്നു.

കേരള സർക്കാർ പ്രതിമാസം 2 കോടി രൂപയും, തമിഴ്നാട് സർക്കാർ പ്രതിമാസം 14 കോടി രൂപയുമാണ് ടോൾ നല്കു ന്നത്. സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള പൊതു ഗതാഗത വകുപ്പുകളുടെ പൊതുവിലുള്ള സാമ്പത്തിക അവസ്ഥ പരിഗണിച്ച് കൊണ്ട് പൊതുഗതാഗത സംവിധാനങ്ങളെ ടോൾ പിരിവിൽ നിന്നും ഒഴിവാക്കണമെന്നുള്ള നിർദ്ദേശം സമർപ്പിക്കും.

ഡീസൽ വാഹനങ്ങളിൽ നിന്നും, സിഎൻജി, എൽഎൻജി, ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറണമെന്നുള്ള നിർദ്ദേശം കേന്ദ്രം നൽകിയിട്ടുണ്ട.

പൊതു ഗതാഗത സംവിധാനത്തിലെ ബസുകൾ ഇതിലേക്ക് മാറ്റുമ്പോൾ ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാകും, ഇതെങ്ങനെ പരിഹരിക്കുമെന്ന് കേന്ദ്രം ഇത് പറഞ്ഞിട്ടില്ല. ഡീസൽ ബസ് വാങ്ങാൻ 35 ലക്ഷം രൂപയാണെങ്കിൽ ഇലക്ട്രിക് ബസ് വാങ്ങാൻ ഒന്നേകാൽ കോടി രൂപയാണ് ചിലവ്, ഇത് കൂടാതെ സിഎൻജിയുടെ വില അടിക്കടി കൂടുന്നു. ഡീസലും സിഎൻജിയും വലിയ വില വ്യത്യാസമില്ലാതെ വരുന്നതും ഭീമമായ തുക മുടക്കി ഇലക്ട്രിക് ബസ് വാങ്ങുമ്പോഴുള്ള സാമ്പത്തിക ബുദ്ധിമുട്ട് സംസ്ഥാനങ്ങൾക്ക് താങ്ങാനാകില്ല. എൽഎൻജിയുടെ നിരക്ക് കേന്ദ്രം ഇത് വരെ പ്രഖ്യാപിച്ചിട്ടുമില്ല. സിഎൻജി, എൽഎൻജി വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്ന പൊതുഗതാഗത വകുപ്പിന്റെ പമ്പുകൾക്ക് കേന്ദ്രം സബ്സിഡി നല്കണം. സിഎൻജിക്കും, എൽഎൻജിക്കുമുള്ള അമിതമായ ജിഎസ്ടി പൊതുമേഖലയിലെ വാഹനങ്ങൾക്ക് ഒഴിവാക്കണം.

കേരളം തമിഴ്നാട് ചെക്ക് പോസ്റ്റുകളിൽ ദൈനംദിനമായി ഉണ്ടാകുന്നപ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി രണ്ട് സംസ്ഥാനങ്ങളിലേയും ഗതാഗത സെക്രട്ടറിമാർ, ട്രാൻസ്പോർട്ട് കമ്മീഷണർമാർ, എന്നിവരെ ചേർത്ത് ട്രാൻസ്പോർട്ട് കമ്മിറ്റി രൂപീകരിക്കണമെന്നും കേരളം നിർദ്ദേശിച്ചു. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന വാഹന പെർമിറ്റിനെ സംബന്ധിച്ച് സെക്രട്ടറി തലത്തിൽ കൂടുതൽ ചർച്ച നടത്തി തീരുമാനമെടുക്കും.

കോവിഡ് കാരണം അടച്ചിട്ട അതിർത്തി പൊതു ഗതാഗതത്തിന് തുറന്ന് നൽകിയതിന് തമിഴ്നാട് മുഖ്യമന്ത്രി, എം.കെ. സ്റ്റാലിനും, മന്ത്രിമാർക്കും മന്ത്രി ആന്റണി രാജു പ്രത്യേക നന്ദി അറിയിച്ചു. തമിഴ്നാട്ടിൽ നിന്നും പമ്പയിലേക്ക് വരുന്ന ബസുകൾ നേരത്തെ നിലയ്ക്കൽ വരെ മാത്രമേ കടത്തി വിട്ടിരുന്നുള്ളൂ. എന്നാൽ തമിഴ്നാടിന്റെ ആവശ്യപ്രകാരം പമ്പ വരെ കടത്തി വിടാനും തീരുമാനിച്ചു.

കേരളം ഉന്നയിച്ച ഗതാഗത മേഖലയിലെ വിവിധ ആവശ്യങ്ങൾ തമിഴ്നാട് മുഖ്യമന്ത്രിയുമായി ചർച്ച നടത്തി അനുകൂലമായി തീരുമാനം എടുക്കാമെന്ന് തമിഴ്നാട് മന്ത്രിമാർ ഉറപ്പ് നൽകിയെന്ന് മന്ത്രി ആന്റണി രാജു അറിയിച്ചു. ഗതാഗത വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും ഒരുമിച്ച് കേന്ദ്രത്തെ സമീപിക്കാൻ കേരളം തയ്യാറാണെന്നും ആന്റണി രാജു പറഞ്ഞു. കേരളത്തിൽ നിന്നും ചെന്നൈയിലേക്ക് സ്വകാര്യ ബസുകളുമായി കരാർ ഉണ്ടാക്കി കെഎസ്ആർടിസി സർവ്വീസ് നടത്തുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി.

# ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നവരിൽ മൂന്ന് പേർ കോവിഡ് പോസിറ്റീവ്: മന്ത്രി വീണാ ജോർജ്

## അട്ടപ്പാടി സന്ദർശനം ഫീൽഡുതല പ്രവർത്തനങ്ങൾ വിലയിരുത്താൻ

ഡിസംബർ ഒന്നിന് ശേഷം ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നവരിൽ മൂന്ന് പേരുടെ സാമ്പിളുകളാണ് കോവിഡ് പോസിറ്റീവായതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്ന കോവിഡ് പോസിറ്റീവായവരുടെ സാമ്പിളുകൾ ജനിതകശ്രേണീകരണത്തിന് അയക്കുന്നുണ്ട്. കേന്ദ്ര മാർഗനിർദേശങ്ങൾ പ്രകാരമുള്ള പരിശോധനയാണ് നടത്തുന്നത്. ആദ്യഘട്ടത്തിൽ കേന്ദ്ര മാർഗനിർദേശമനുസരിച്ചുള്ള ഹൈ റിസ്ക് രാജ്യങ്ങളിൽ റഷ്യ ഇല്ലാത്തത് കൊണ്ടാണ് അവിടെ നിന്നും വന്ന ചിലരെ അന്ന് പരിശോധിക്കാതിരുന്നത്.

എന്നാൽ കേന്ദ്രത്തിന്റെ പുതിയ മാർഗനിർദേശത്തിൽ ഹൈ റിസ്ക് രാജ്യങ്ങളുടെ കൂട്ടത്തിൽ റഷ്യയുണ്ട്. ഇപ്പോൾ റഷ്യയിൽ നിന്നു വരുന്ന യാത്രക്കാരേയും പരിശോധിക്കുന്നതായി മന്ത്രി പറഞ്ഞു.



അട്ടപ്പാടി സന്ദർശനം ഫീൽഡ്തല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായിരുന്നു. അട്ടപ്പാടിയിലെ സന്ദർശനം സംബന്ധിച്ച് വിവാദത്തിന്റെ ആവശ്യമില്ല. തലേദിവസം തീരുമാനിച്ച ഒരു സന്ദർശനമായിരുന്നു അത്.

അങ്കണവാടികൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം എങ്ങനെയാണെന്ന് ഊരുകളിൽ നേരിട്ടെത്തി കണ്ടും സംസാരിച്ചുമാണ് വിലയിരുത്തിയത്. ആരോഗ്യവകുപ്പിനും വനിതാ ശിശുവികസന വകുപ്പിനും ഒരേപോലെ ഉത്തരവാദിത്തമുള്ള മേഖലയാണതെന്നും മന്ത്രി വ്യക്തമാക്കി.

ഊരുകളിലെ ഗർഭിണികൾ, ആശ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ എന്നിവരുമായെല്ലാം സംസാരിച്ചു.

വകുപ്പുകളുടെ പ്രവർത്തനം കൃത്യമായി അവലോകനം ചെയ്യേണ്ടതുണ്ട്. പിന്നീട് കോട്ടത്തറ ട്രൈബൽ ആശുപത്രിയും സന്ദർശിച്ചു. ആശുപത്രി സൂപ്രണ്ടിന്റെ രാഷ്ട്രീയ വാദങ്ങളോട് പ്രതികരിക്കാൻ താനുദ്ദേശിക്കുന്നില്ലെന്ന് മന്ത്രി പറഞ്ഞു. ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളുടെ പ്രവർത്തനം പരിശോധിക്കേണ്ട ഉത്തരവാദിത്തം മന്ത്രിയെന്ന നിലയിൽ തന്റേതാണ്. അത് നിർവഹിക്കുകയാണ് ചെയ്യുന്നത്. ഇനിയും ഇത്തരം സന്ദർശനങ്ങൾ ഉണ്ടാകും.

അട്ടപ്പാടിക്കായി ഒരു പ്രത്യേക ഇടപെടൽ പദ്ധതിക്ക് രൂപം നൽകുകയാണ് സർക്കാർ. 426 ഓളം ഗർഭിണികൾ നിലവിൽ അട്ടപ്പാടി മേഖലയിലുണ്ട്. അതിൽ 218പേർ ആദിവാസി വിഭാഗത്തിലും അതിൽ 191 പേർ ഹൈ റിസ്ക് വിഭാഗത്തിൽപ്പെട്ടവരുമാണ്. ഇവർക്ക് ഓരോരുത്തർക്കും വ്യക്തിഗത പരിചരണം നൽകുമെന്ന് മന്ത്രി വ്യക്തമാക്കി.

ഡി.എം.ഒ.മാർ മാധ്യമങ്ങളെ കാണുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിട്ടില്ല. മഹാമാരി സമയത്ത് ഭീതിജനകമായ കാര്യങ്ങൾ ആലോചിക്കാതെ പറയരുതെന്നും മന്ത്രി പറഞ്ഞു.

# യുനെസ്കോ ആഗോളപഠനനഗര ശൃംഖലയിലെ സാന്നിധ്യം വൈജ്ഞാനിക സാമ്പത്തിക സമൂഹമായി മാറുന്നതിന്റെ ഭാഗം: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

യുനെസ്കോയുടെ ഗ്ലോബൽ ലേണിംഗ് സിറ്റി (ആഗോളപഠനനഗര) ശൃംഖലയിൽ തൃശൂർ കോർപ്പറേഷനെയും നിലമ്പൂർ നഗരസഭയേയും ഉൾപ്പെടുത്താൻ ശുപാർശ ചെയ്തതിലൂടെ സംസ്ഥാന സർക്കാരിന്റെ വൈജ്ഞാനിക സാമ്പത്തിക സമൂഹമെന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാവുകയാണെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

രാജ്യത്ത് ആദ്യമായാണ് ആഗോളപഠനനഗരം പദവിയിലേക്ക് കേരളത്തിലെ രണ്ട് നഗരങ്ങൾ ഉയരുന്നത്. സംസ്ഥാന സർക്കാരിന്റെ ശുപാർശ അംഗീകരിച്ച കേന്ദ്രസർക്കാർ, ആഗോളപഠനനഗരമാക്കാനുള്ള നിലവാരം തൃശൂരിനും നിലമ്പൂരിനുമുണ്ടെന്ന് മനസിലാക്കിയാണ് യുനെസ്കോയ്ക്ക് ശുപാർശ ചെയ്തത്. തൃശൂർ കോർപ്പറേഷനിൽ കിലയും തൃശൂർ എഞ്ചിനീയറിംഗ് കോളേജിലെ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിംഗും സംയുക്തമായാണ് ആഗോളപഠനനഗരമാക്കി മാറ്റുന്നത്.

പത്ത് വർഷത്തേക്കുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. നിലമ്പൂരിൽ അന്തർദേശീയ നിലവാരത്തിലുള്ള വിജ്ഞാനകേന്ദ്രങ്ങൾ ഇതിന്റെ ഭാഗമായി യാഥാർത്ഥ്യമാക്കും. രാജ്യത്തിന് തന്നെ മാതൃകയായി മാറുന്ന പദ്ധതികളാണ് കേരളത്തിലെ നഗരങ്ങളിൽ നടപ്പിലാക്കുകയെന്ന് മന്ത്രി വ്യക്തമാക്കി.

കേരളത്തിലെ മറ്റ് നഗരങ്ങളെയും ആഗോളതലത്തിൽ ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ കിലയുടെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച് യുനെസ്കോയ്ക്കും മറ്റ് ഏജൻസികൾക്കും നൽകുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്. കൊച്ചി കേർപ്പറേഷനെ സിറ്റി ഓഫ് ഡിസൈൻ പദവിയിലേക്ക് ഉയർത്താനും കോഴിക്കോട് കോർപ്പറേഷനെ സിറ്റി ഓഫ് ലിറ്ററേച്ചർ ആക്കി മാറ്റാനും കണ്ണൂർ കോർപ്പറേഷനെ സിറ്റി ഓഫ് ക്രാഫ്റ്റ് ആൻഡ് ഫോക്കായും ഉയർത്താൻ യുനെസ്കോയുമായി സഹകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷനെ സിറ്റി ഓഫ് പീസ് ആക്കി മാറ്റുവാൻ യുഎൻഎസ്ഡിജിയുമായും കൊല്ലം കോർപ്പറേഷനെ ബയോ ഡൈവർ സിറ്റിയാക്കി മാറ്റാൻ ഐയുസിഎന്നുമായും സഹകരിക്കുമെന്ന് മന്ത്രി വിശദീകരിച്ചു.

സംസ്ഥാനത്തെ വൈജ്ഞാനിക സാമ്പത്തിക സമൂഹമാക്കി മാറ്റുവാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്ക് എല്ലാവരിൽ നിന്നുമുള്ള പിന്തുണയും ഉണ്ടാവണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. യുനെസ്കോയുടെ ആഗോളപഠനനഗര ശൃംഖലയിൽ ഇടംപിടിച്ച തൃശൂർ കോർപ്പറേഷനെയും നിലമ്പൂർ നഗരസഭയേയും മന്ത്രി അഭിനന്ദിച്ചു.

# കേരളത്തിൽ ഇന്ന് കോവിഡ് സ്ഥിരീകരിച്ച 85 ശതമാനം പേരും വാക്സിൻ സ്വീകരിച്ചവർ

തിരുവനന്തപുരം: കേരളത്തിൽ ഇന്ന് കോവിഡ് സ്ഥിരീകരിച്ച 85 ശതമാനം പേരും വാക്സിൻ സ്വീകരിച്ചവർ. ഇന്നത്തെ കണക്ക് പ്രകാരം 4,995 പുതിയ രോഗികളിൽ 4,291 പേർ വാക്സിനേഷന് അർഹരായിരുന്നു. ഇവരിൽ 518 പേർ ഒരു ഡോസ് വാക്സിനും 2,430 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു. എന്നാൽ 1,343 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 96.3 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും(2,57,46,833), 66.7 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (1,78,16,355) നൽകി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ/ ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ് (12,20,276).

കോവിഡ് വാക്സിനുകൾ ആളുകളെ അണുബാധയിൽ നിന്നും ഗുരുതരമായ അസുഖത്തിൽ നിന്നും സംരക്ഷിക്കുകയും ആശുപത്രിവാസത്തിൻറെയും മരണത്തിൻറെയും സാധ്യത ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു.

നവംബർ 26 മുതൽ ഡിസംബർ രണ്ട് വരെയുള്ള കാലയളവിൽ, ശരാശരി 45,944 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 1.8 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 1.6 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്.

ഈ കാലയളവിൽ കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ കേസുകളിൽ ഏകദേശം 3,868 കുറവ് ഉണ്ടായി. പുതിയ കേസുകളുടെ വളർച്ചാ നിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ 11 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെൻറിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 18, 11, 26, 11, 10, 9 ശതമാനമായി കുറഞ്ഞു. ആശുപത്രിവാസത്തിൻറെ നിരക്കും ഗുരുതരമായ കേസുകളും കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്.

# അഞ്ചു പേർക്ക് പുതുജൻമം നൽകി വനജ യാത്രയായി

## സംസ്ഥാനത്തെ ജനറൽ ആശുപത്രി വഴിയുള്ള ആദ്യ അവയവദാനം

കണ്ണൂർ തലശേരി ഗവ. ജനറൽ ആശുപത്രിയിൽ മസ്തിഷ്ക മരണമടഞ്ഞ അഞ്ചരക്കണ്ടി ചെറിയ വളപ്പ് മധുവനം സ്വദേശിനി പി. വനജ (53) ഇനി അഞ്ചു പേരിലൂടെ ജീവിക്കും. കരൾ, രണ്ടു വൃക്കകൾ, രണ്ടു നേത്രപടലം എന്നിവയാണ് ദാനം ചെയ്തത്. കേരള സർക്കാരിന്റെ മരണാന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി (കെ.എൻ.ഒ.എസ്.) വഴിയാണ് അവയവദാന പ്രക്രിയ നടത്തിയത്. കേരളത്തിൽ മെഡിക്കൽ കോളേജുകൾക്ക് പുറമെ ഒരു സർക്കാർ ജനറൽ ആശുപത്രിയിൽ ആദ്യമായാണ് മസ്തിഷ്ക മരണാനന്തര അവയവദാന പ്രക്രിയ വഴി അവയവം എടുത്തത്. വിഷമകരമായ അന്തരീക്ഷത്തിലും അവയവദാനത്തിന് മുന്നോട്ട് വന്ന ഭർത്താവ് രാജനേയും കുടുംബാംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആദരവറിയിച്ചു. അവയവദാന പ്രക്രിയയ്ക്ക് മുൻകൈയ്യെടുത്ത ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ആശാ ദേവിയെ മന്ത്രി അഭിനന്ദിച്ചു. കഴിഞ്ഞ വെള്ളിയാഴ്ച രാത്രിയിൽ കിടക്കുന്ന സമയത്ത് ചില അസ്വസ്ഥതകൾ കണ്ടതിനെ തുടർന്ന് വനജയെ കണ്ണൂരിലെ എ.കെ.ജി. ആശുപത്രിയിലെത്തിച്ചു. പിന്നീട് കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ഗുരുതരാവസ്ഥയിലാകുകയായിരുന്നു. തുടർന്നാണ് തലശേരി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിത്. മസ്തിഷ്ക മരണമടഞ്ഞ വനജയുടെ ബന്ധുക്കൾ അവയവദാനത്തിന് തയ്യാറാകുകയായിരുന്നു. രണ്ട് മക്കൾ രഹിൽ (26), ജിതിൻ (24). മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം കെ.എൻ.ഒ.എസ്. നോഡൽ ഓഫീസർ ഡോ. നോബിൾ ഗ്രേഷ്യസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് അവയവദാന പ്രക്രിയ പൂർത്തീകരിച്ചത്. ഡി.എം.ഒ. ഡോ. നാരായൺ നായിക്, കെ.എൻ.ഒ.എസ്. നോർത്ത് സോൺ റീജിയണൽ കോഓർഡിനേറ്റർ ഡോ. ശ്രീലത എന്നവരുടെ കൂടി ശ്രമഫലമായാണ് ഈ അവയവദാനം നടന്നത്.

# കയർഫെഡ് ഉത്പന്നങ്ങളുടെ വിപണനത്തിന് ഓൺലൈൻ സംവിധാനം വരും: മന്ത്രി പി. രാജീവ്

വൈവിധ്യമാർന്ന മൂല്യവർദ്ധിത കയർ ഉൽപ്പന്നങ്ങളുടെ നിർമാണത്തിലും വിപണനത്തിലും ശ്രദ്ധയൂന്നിയാകും രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയെന്നും പുതിയ വിപണികൾ കണ്ടെത്തുന്നതിന്റെ ഭാഗമായി കയർഫെഡ് ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വില്പന സാധ്യമാക്കുമെന്നും വ്യവസായ മന്ത്രി പി രാജീവ്. കയർഫെഡിന്റെ 'പുതുവർഷ സ്വർണ്ണ മഴ' കൂപ്പൺ പദ്ധതിയുടെയും കയർഫെഡ് ജീവനക്കാർക്കുള്ള 'കയർ ചാമ്പ്യൻ' പദ്ധതിയുടെയും ഉദ്ഘാടനം തിരുവനന്തപുരം പ്രസ് ക്ലബ് ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. തൊഴിൽനഷ്ടം കൂടാതെയുള്ള യന്ത്രവൽക്കരണവും ആധുനികവൽക്കരണവുമാണ് കയർഫെഡിൽ നടത്തുന്നതെന്നും നിർമിക്കുന്ന ഭൂവസ്ത്രങ്ങൾക്ക് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വിപണി കണ്ടെത്തുമെന്നും മന്ത്രി പറഞ്ഞു. പുതുവത്സര സ്വർണമഴ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത കയർഫെഡ് ഉത്പന്നങ്ങൾ 2000 രൂപയ്ക്കോ അതിലധികമോ വിലക്ക് വാങ്ങുന്നവർക്ക് 40 ശതമാനം ഡിസ്കൗണ്ട് ലഭിക്കും. ഇതോടൊപ്പം ലഭിക്കുന്ന കൂപ്പൺ ഉപയോഗിച്ച് സ്വർണ്ണ മഴ നറുക്കെടുപ്പിന്റെ ഭാഗമായി സ്വർണ്ണനാണയങ്ങൾ നേടാനുള്ള അവസരവും ഒരുക്കിയിട്ടുണ്ടെന്ന് കയർഫെഡ് ചെയർമാൻ എൻ സായി കുമാർ പറഞ്ഞു. കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി. സുരേഷ്കുമാർ, ബോർഡ് മെമ്പർമാരായ കഠിനംകുളം സാബു, ആർ. അജിത് കുമാർ എന്നിവർ പങ്കെടുത്തു.

# ഭക്ഷ്യമന്ത്രി ഫോൺ ഇൻ പരിപാടി നടത്തി

ജനങ്ങളിൽ നിന്നുള്ള പരാതികൾ കേൾക്കുന്നതിന് ഭക്ഷ്യ മന്ത്രി ജി. ആർ. അനിൽ ഫോൺ ഇൻ പരിപാടി നടത്തി. ബി. പി. എൽ, മുൻഗണനാ കാർഡുകൾ അനുവദിക്കുന്നത് സംബന്ധിച്ചാണ് കൂടുതൽ പരാതികൾ ലഭിച്ചത്. ബി. പി. എൽ കാർഡിന് അർഹതപ്പെട്ടവരുടെ കാര്യത്തിൽ റേഷനിങ് ഇൻസ്പെക്ടർമാർ നേരിട്ട് പരിശോധന നടത്തി തീരുമാനം എടുക്കാൻ മന്ത്രി നിർദ്ദേശിച്ചു. കഴിഞ്ഞ ഫോൺ ഇൻ പരിപാടിയിൽ ലഭിച്ച 25 പരാതികളിൽ 21 എണ്ണം മുൻഗണനാ കാർഡുകൾ അനുവദിക്കുന്നത് സംബന്ധിച്ചായിരുന്നു. ഇതിൽ മൂന്നു കുടുംബങ്ങൾ ബി. പി. എൽ കാർഡിന് അർഹരാണെന്ന് കണ്ടെത്തി. ആറ് പേർക്ക് മുൻഗണനാ കാർഡുകളും അനുവദിച്ചു. ലൈഫ് പദ്ധതിയെക്കുറിച്ച് ലഭിച്ച പരാതി ബന്ധപ്പെട്ട വിഭാഗത്തിന് കൈമാറിയതായി മന്ത്രി അറിയിച്ചു.



വനിത ശിശു വികസന വകുപ്പ് സംഘടിപ്പിച്ച ദ്വിദിന മാധ്യമ സെമിനാർ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു

# ലിംഗ സമത്വം കൈവരിക്കുന്നതിൽ മാധ്യമങ്ങൾക്ക് വഹിക്കാനുള്ളത് നിർണായക പങ്ക്: മന്ത്രി വീണാ ജോർജ്

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ലിംഗ സമത്വം യാഥാർഥ്യമാക്കുന്നതിൽ മാധ്യമങ്ങൾക്ക് പ്രധാനപ്പെട്ട പങ്ക് വഹിക്കാനുണ്ടെന്ന് വനിത ശിശു വികസന മന്ത്രി വീണാ ജോർജ്. വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിച്ച മാധ്യമ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.



സ്ത്രീസമത്വം സംബന്ധിച്ച കാര്യങ്ങളിൽ വാക്കാൽ മാത്രമല്ല ചർച്ചകളിലും, സമീപനങ്ങളിലും ഇടപെടലുകളിലും മാറ്റം വേണമെന്ന് മന്ത്രി പറഞ്ഞു. നിയമം മൂലം നിരോധിച്ച സ്ത്രീധനത്തിന്റെ പേരിൽ ഇപ്പോഴും പീഡനങ്ങളും ആത്മഹത്യകളും നടക്കുന്നു. ഇത്തരം പീഡനങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് പീഡനം അനുഭവിക്കുന്ന ഭർതൃ ഗൃഹങ്ങളിലേക്ക് തിരികെ പോകുവാൻ സമൂഹത്തിൽ നിന്ന് വലിയ സമ്മർദം ഉണ്ടാകുന്നു.

സമൂഹത്തിന്റെ ഇത്തരം നിലപാടുകളിൽ മാറ്റം ഉണ്ടാകണം. പെൺകുട്ടികൾ വിദ്യാഭ്യാസം നേടി തൊഴിൽ കണ്ടെത്തി സ്വന്തം കാലിൽ നിൽക്കാൻ സാധിക്കുന്ന സാഹചര്യമുണ്ടാകണമെന്നും അതിന് കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും പിന്തുണ ലഭിക്കണമെന്നും പൂർണ്ണമായ അർത്ഥത്തിൽ കേരളത്തെ സ്ത്രീ സൗഹൃദ സംസ്ഥാനമാക്കുന്നതാണ് വകുപ്പിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

മാധ്യമ ഭാഷയിലും ചെറിയ ക്ലാസുകൾ മുതൽ കുട്ടികൾ പഠിക്കുന്ന കവിതകളിലും കഥകളിലും സ്ത്രീകൾ അടുക്കളയിലും വീട്ടിലും മാത്രം ഒതുങ്ങി നിൽക്കണം എന്ന രീതിയിൽ ചില ബിംബങ്ങൾ അവതരിപ്പിക്കപ്പെടുന്നുണ്ട്. അത്തരം വിഷയങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ഇതെല്ലാം തിരുത്തപ്പെടണമെന്നും മന്ത്രി പറഞ്ഞു. സ്ത്രീ വിഷയങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയിലും, ചിന്തയിലും ചിത്രീകരണത്തിലും ലിംഗാവബോധം ഉണ്ടാകണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വനിത കമ്മീഷൻ അധ്യക്ഷ പി. സതീദേവി പറഞ്ഞു. സ്ത്രീസമത്വ സമീപനം സംബന്ധിച്ച് കമ്മീഷൻ മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടെന്നും സ്ത്രീ പീഡന കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ നിയമപരമായി പാലിക്കേണ്ട മാനദണ്ഡങ്ങൾ പല മാധ്യമങ്ങളും ഇപ്പോഴും പാലിക്കുന്നില്ലെന്നും ഇത്തരം നിയമ വിഷയങ്ങൾ മാധ്യമപ്രവർത്തകർക്കായുള്ള പഠന പദ്ധതികളുടെ ഭാഗമാക്കണമെന്നും സതീദേവി പറഞ്ഞു.

വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൾ സെക്രട്ടറി റാണി ജോർജ്, ഡയറക്ടർ ടി. വി. അനുപമ, കേരള സർക്കാരിന്റെ മുൻ ജെൻഡർ ഉപദേശക ഡോ. ടി.കെ. ആനന്ദി, കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു, കേരള പത്രപ്രവർത്തക യൂണിയൻ ജില്ല പ്രസിഡന്റ് സുരേഷ് വെള്ളിമംഗലം എന്നിവർ പങ്കെടുത്തു. മനുഷ്യാവകാശ പ്രവർത്തക ഡോ. സുനിത കൃഷ്ണൻ, മാധ്യമപ്രവർത്തകരായ സന്ധ്യ രവി ശങ്കർ, കവിത മുരളീധരൻ എന്നിവർ മാധ്യമ സെമിനാറിൽ പാനൽ ചർച്ചകൾക്ക് നേതൃത്വം നൽകി. പത്ര,ദൃശ്യ, ഓൺലൈൻ മാധ്യമ രംഗത്തെ പ്രമുഖർ ചർച്ചകളിൽ പങ്കെടുത്തു.

# സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യത്തിൽ പ്രത്യേക ശ്രദ്ധവേണം: മുഖ്യമന്ത്രി

സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ കാര്യത്തിൽ പ്രത്യേക ശ്രദ്ധയോടെയുള്ള പരിപാടികൾ ആവിഷ്കരിക്കണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യ മേഖലയിൽ സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തി കൂടുതൽ പുരോഗതിയിലേക്കു കുതിക്കാൻ കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ക്ലബ്ഫൂട്ട് രഹിത കേരളത്തിനായി ലോകാര്യോഗ്യ സംഘടന, യുണിസെഫ്, സി.ഡി.സി. കേരള, ക്യൂർ എന്ത്യ എന്നിവയുടെ സഹകരണത്തോടെ ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച അന്താരാഷ്ട്ര കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികസിത രാഷ്ട്രങ്ങളോടു കിടപിടിക്കത്തക്ക നിലയിലാണു കേരളത്തിന്റെ ആരോഗ്യ മേഖല എത്തിനിൽക്കുന്നതെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ആരോഗ്യ മേഖലയിൽ നടപ്പാക്കിയ വിപുലമായ പരിപാടികളുടെ ഭാഗമായാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ഈ നേട്ടങ്ങളിൽ മതിമറന്ന് ഇരിക്കലല്ല നാം ഉദ്ദേശിക്കുന്നത്. ആരോഗ്യ രംഗത്തു കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. അതിനായി വിവിധ മേഖലകളിൽ ഇടപെടൽ നടത്താൻതന്നെയാണു തീരുമാനം. ജീവിതശൈലീ രോഗങ്ങളാണ് ആരോഗ്യ രംഗത്തെ ഇപ്പോഴത്തെ പ്രധാന പ്രശ്നങ്ങളിലൊന്ന്. കൃത്യമായ പരിപാടിയുടെ അടിസ്ഥാനത്തിൽ ഇതിനെ നേരിടാനാണു സർക്കാർ ഉദ്ദേശിക്കുന്നത്. നവജാത ശിശുക്കളിൽ കണ്ടുവരുന്ന തൂക്കക്കുറവും പ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. 12 ശതമാനം കുട്ടികളിൽ തൂക്കക്കുറവുണ്ടെന്നാണു കണക്കാക്കപ്പെടുന്നത്. ഇതു പരിഹരിക്കപ്പെടണം. ഇതിന്റെ ഭാഗമായി 'ക്യാംപെയിൻ 12' എന്ന പരിപാടി കഴിഞ്ഞ ഫെബ്രുവരിയിൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. കുട്ടികളിൽകണ്ടുവരുന്ന അനീമിയ കുറച്ചുകൊണ്ടുവരാൻ ലക്ഷ്യമിട്ടാണ് ഇത്. ക്ലബ്ഫൂട്ടും ശിശുക്കളിൽ വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇത് നേരത്തേ കണ്ടെത്താനും ചികിത്സയാരംഭിക്കാനും കഴഞ്ഞാൽ വലിയ ആശ്വാസമാകും. സംസ്ഥാനത്തെ പൂർണമായി ക്ലബ്ഫൂട്ട് വിമുക്തമാക്കാനുള്ള പദ്ധതിയാണ് ആരോഗ്യവകുപ്പ് തയാറാക്കുന്നത്. നിലവിൽ ഏഴു ക്ലബ് ഫൂട്ട് ക്ലിനിക്കുകളാണു സർക്കാർ ആശുപത്രികളിലുള്ളത്. ഭാവിയിൽ 37 എണ്ണംകൂടി തുറക്കാൻ പദ്ധതിയുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. വൈകല്യങ്ങൾ തടഞ്ഞുനിർത്തുകയും അതുവഴി ആരോഗ്യ, ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രത്യേക ശ്രദ്ധനൽകിയുള്ള പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കുകയാണെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. എൻ.എച്ച്.എം. മിഷൻ ഡയറക്ടർ വികാസ് ഷീൽ, യുണിസെഫ് ഇന്ത്യ ചീഫ് ഓഫ് ഹെൽത്ത് ലൂയിഗി ഡി അക്വിനോ, കേരള സർവകലാശാല മുൻ വൈസ്ചാൻസലർ ഡോ. ബി. ഇക്ബാൽ, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ, എൻ.എച്ച്.എം. സംസ്ഥാന മിഷൻ ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ എന്നിവർ പങ്കെടുത്തു.




# സംസ്ഥാനത്ത് ഇന്ന് 3,277 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 3277 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു.

കഴിഞ്ഞ 24 മണിക്കൂറിനിടെ 45,412 സാമ്പിളുകളാണ് പരിശോധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 5833 പേർ രോഗമുക്തി നേടിയതായി ആരോഗ്യവകുപ്പ് പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 30 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 138 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 41,768 ആയി.



എറണാകുളം 568, കോഴിക്കോട് 503, തിരുവനന്തപുരം 482, കോട്ടയം 286, കണ്ണൂർ 267, തൃശൂർ 262, കൊല്ലം 200, ഇടുക്കി 142, മലപ്പുറം 135, ആലപ്പുഴ 123, പാലക്കാട് 99, പത്തനംതിട്ട 95, വയനാട് 62, കാസർഗോഡ് 53 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 9 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 3056 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 187 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 25 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,66,787 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,62,029 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 4758 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 255 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

സംസ്ഥാനത്ത് 40,730 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 50,86,044 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. നിലവിൽ 40,730 കോവിഡ് കേസുകളിൽ, എട്ട് ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 19 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 21 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

## പുഷ്പാർച്ചന നടത്തി

ഡോ. ബി.ആർ. അംബേദ്ക്കറിന്റെ ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി നിയമസഭാ സമുച്ചയത്തിലെ അംബേദ്ക്കർ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, പട്ടികജാതി പട്ടികവർഗ പിന്നാക്കവിഭാഗ ക്ഷേമ, ദേവസ്വം വകുപ്പുമന്ത്രി കെ. രാധാകൃഷ്ണൻ എന്നിവർ പുഷ്പാർച്ചന നടത്തി. ചടങ്ങിൽ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ, നിയമസഭ സെക്രട്ടറിഇൻചാർജ് ആർ. കിഷോർ കുമാർ, നിയമസഭ സെക്രട്ടേറിയറ്റ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, എം. വിൻസന്റ് എം.എൽ.എ, വിവിധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവരും പുഷ്പാർച്ചന നടത്തി.

## ഡെപ്യൂട്ടേഷൻ അപേക്ഷ ക്ഷണിച്ചു

ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സിന്റെ കോഴിക്കോട്, എറണാകുളം മേഖലാ ഓഫിസുകളിൽ അസിസ്റ്റന്റ് എൻജിനീയർ(സിവിൽ) തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനത്തിനു സംസ്ഥാന സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. അസിസ്റ്റന്റ് എൻജിനീയർ റാങ്കിൽ കുറയാത്തവരും സിവിൽ എൻജിനീയറിങ്ങിൽ ബി.ടെക് യോഗ്യതയുള്ളവരുമാകണം അപേക്ഷകർ. പേ സ്കെയിൽ 45800 89000 (ശമ്പള പരിഷ്കരണത്തിനു മുൻപ്). താത്പര്യമുള്ളവർ എൻ.ഒ.സി. സഹിതം ഡിസംബർ 20നു മുൻപ് അപേക്ഷിക്കണം. അപേക്ഷാ ഫോം sdy-a.k-er-a-l-a.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

# കോൺക്രീറ്റ് സ്ലാബ് തകർന്ന് വീണ് തൊഴിലാളി മരിച്ചു: മൂന്നുപേർക്ക് പരിക്ക്

നാദാപുരം: വീടിന്റെ സിമന്റ് തേപ്പ് ജോലിക്കിടെ കോൺക്രീറ്റ് സ്ലാബ് തകർന്ന് വീണ് തൊഴിലാളി മരിച്ചു. മൂന്നുപേർക്ക് പരിക്കേറ്റു. വേളം തീക്കുനിയിലെ നെല്ലിയുള്ളപറമ്പിൽ ജിതിൻ (25) ആണ് മരിച്ചത്. ഇന്നലെ രാവിലെ 10.30ഓടെ കാക്കുനി മങ്ങാട്ടുമലയിൽ കരീമിന്റെ വീട്ടിലാണ് അപകടമുണ്ടായത്. വീട് നവീകരണവുമായി ബന്ധപ്പെട്ട് അടുക്കളയുടെ സ്ലാബ് തേക്കുന്നതിനിടെയാണ് അപകടം നടന്നത്. സ്ലാബ് പൊടുന്നനെ തകർന്ന് ജിതിൽ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ദേഹത്ത് പതിക്കുകയായിരുന്നു. അപകടത്തിൽ തീക്കുനി സ്വദേശികളായ തരിപ്പയിൽ അജീഷ് (30), മടോംമരുതുള്ളതിൽ വിഷ്ണു (22), അനന്തോത്ത് ബിജീഷ് (33) എന്നിവർക്കാണ് പരുക്കേറ്റത്. പരുക്കേറ്റ നാലുപേരേയും ഉടൻ വടകര ജില്ലാ ആശുപത്രിയിലെത്തിച്ചെങ്കിലും ഗുരുതരമായി പരുക്കേറ്റ ജിതിൻ മരിക്കുകയായിരുന്നു.

വിവരമറിഞ്ഞ് ഓടിയെത്തിയ നാട്ടുകാരാണ് സ്ലാബിനടയിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്തി ആശുപത്രിയിലെത്തിച്ചത്. രണ്ടുപേർ മുകളിലും രണ്ടുപേർ താഴ്ഭാഗത്തുമാണ് ഉണ്ടായിരുന്നത്. താഴെയുള്ളവർ ഓടിമാറിയതിനാൽ നിസാരപരിക്കുകളോടെ രക്ഷപ്പെടുകയായിരുന്നു. സാരമായി പരിക്കേറ്റ അജീഷ് അപകടനിലതരണം ചെയ്തിട്ടുണ്ട്. മൂന്ന് മാസം മുമ്പാണ് കരാർ വ്യവസ്ഥയിൽ കരീമിന്റെ വീട്ടിൽ രണ്ടാംനിലയുടെ നിർമ്മാണം ഉൾപ്പെടെയുള്ള നവീകരണ പ്രവൃത്തികൾ ആരംഭിച്ചത്. കഴിഞ്ഞ ദിവസത്തോടെ 95 ശതമാനം നിർമ്മാണ ജോലിയും പൂർത്തിയാക്കിയിരുന്നു. ഒന്നര മാസം മുമ്പ് നിർമ്മിച്ച അടുക്കളയുടെ മുൻഭാഗത്തെ കോൺക്രീറ്റ് സ്ലാബിന്റെ തേപ്പ് കൂടി പൂർത്തിയാക്കാനാണ് പൊതുവെ ഒഴിവ് ദിനം കൂടിയായിട്ടും ഞായറാഴ്ച കൂടി തൊഴിലാളികൾ ജോലിക്കെത്തിയത്.

സീലിങ് തേക്കാനുള്ള മുന്നൊരുക്കങ്ങൾ നടത്തിയ ശേഷം ഏതാനും ഭാഗത്ത് തേപ്പ് നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഇതിനിടെ സ്ലാബ് ഒന്നാകെ തകർന്നു വീഴുകയായിരുന്നു. നിർമാണത്തിലെ അപാകത കാരണമാണ് സ്ലാബ് തകർന്നതെന്നാണ് നിഗമനം. കെഎസ്ഇബി കരാർ തൊഴിലാളി കൂടിയായ നെല്ലിയുള്ളപറമ്പിൽ കണ്ണനാണ് മരിച്ച ജിതിന്റെ പിതാവ്. മാതാവ്: ചന്ദ്രി. ജിൻസി ഏക സഹോദരിയാണ്.

# സഹകരണ മേഖലയ്ക്കെതിരായ നീക്കങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം ഉയരണം: മുഖ്യമന്ത്രി

സഹകരണ മേഖലയ്ക്കെതിരായ നീക്കങ്ങൾക്കെതിരെ ശക്തമായി ഉണർന്നു പ്രതിഷേധിക്കണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. മറ്റെന്തിനോടെങ്കിലുമുള്ള വിപ്രതിപത്തിമൂലം സഹകരണ മേഖലയെ അപകടത്തിലാക്കരുതെന്ന് കേരളം ഇത്തരക്കാരോട് പലവട്ടം അഭ്യർഥിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. സഹകരണ വകുപ്പിന്റെ കെയർ ഹോം രണ്ടാം ഘട്ട പദ്ധതിയിൽപ്പെടുത്തി തൃശൂർ പഴയന്നൂരിൽ നിർമിച്ച ഭവന സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ആഗോളവത്കരണവും ഉദാരവത്കരണവും അതിന്റെ തുടർച്ചയായ സ്വകാര്യവത്കരണ നയവും ഏറ്റവും പ്രതികൂലമായി ബാധിക്കുന്നതു സഹകരണ മേഖലയെയാണെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

നാടിന്റെ ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്ന സഹകരണ മേഖലയെ ഈ രീതിയിൽ തുടരാൻ അനുവദിച്ചുകൂടാ എന്നു ചിന്തിക്കുന്ന അവസ്ഥ രാജ്യത്ത് ഉണ്ടായിരിക്കുന്നു. ഇത്തരം മേഖലയേയും സ്ഥാപനങ്ങളേയും സംവിധാനങ്ങളേയും സംരക്ഷിക്കാൻ ബാധ്യതപ്പെട്ട പൊതുസംവിധാനങ്ങൾ അതിനെ തകർക്കാൻ ഉതകുന്ന നിർദേശങ്ങളുമായി വരുന്നു. ഇതു കേരളത്തിനെതിരായ നീക്കമാണ്. ഓരോ സഹകരണ സ്ഥാപനവും നാടിന്റേതും ജനങ്ങളുടേതുമാണ്. അതുകൊണ്ടാണു കെയർഹോം പോലെ ജനോപകാരപ്രദമായ നടപടികളിലേക്കു സഹകരണ മേഖലയ്ക്കു കടക്കാൻ കഴിയുന്നത്. ഇതിനെ തകർക്കാൻ അനുവദിക്കില്ല എന്ന നിലപാട് നമ്മിൽനിന്ന് ഉയരണം.

ഹുങ്കോടെ ജനവികാരത്തെ തകർത്തുകളയാം എന്നു വിചാരിച്ചവർക്കു ജനം തന്നെ അവരുടെ കരുത്തിലൂടെ മറുപടി നൽകിയ കാലമാണിത്. എല്ലാറ്റിനുംമീതെ ജനങ്ങളുടെ കരുത്താണു നിലനിൽക്കുന്നത്. അതു കൂടുതൽ മികച്ച രീതിയിൽ പ്രകടിപ്പിക്കാനും ഇതിനെതിരേ ഉണരാനും ഉയർന്നു പ്രതിഷേധിക്കാനും എല്ലാവർക്കും കഴിയേണ്ടതുണ്ട് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ കരുത്തും സേവന മനോഭാവവുമാണു കെയർ ഹോമിലൂടെ പ്രകടമാകുന്നത്.

രാജ്യത്തിനുമുന്നിൽത്തന്നെ വളരെ പ്രത്യേകതയുള്ളതും കേരളത്തിനുമാത്രം അവകാശപ്പെട്ടതുമാണ് ഇത്. 2018ലെ മഹാപ്രളയത്തിൽ തകർന്ന 2,000 വീടുകൾ പുനർനിർമിക്കുമെന്നു സഹകരണ വകുപ്പ് പ്രഖ്യാപിച്ചു. 2,090 വീടുകൾ നിർമിച്ചു. ഇതു തുടരേണ്ടതുണ്ടെന്ന ബോധ്യത്തിൽനിന്നാണു രണ്ടാം ഘട്ട കെയർഹോം പദ്ധതി ആരംഭിച്ചത്. കേരളത്തിലെ സഹകരണ മേഖലയ്ക്കല്ലാതെ ഇത്തരമൊരു ഉത്തരവാദിത്തം ഏറ്റെടുക്കാനാകില്ല.

ഇതിലെ പ്രധാന പങ്കു വഹിച്ചിട്ടുള്ളതു സംസ്ഥാനത്തെ പ്രൈമറി ബാങ്കുകളാണ്. ഏതെങ്കിലും തരത്തിൽ പലിശ പിടുങ്ങി ലാഭം കൂട്ടുക എന്നു ചിന്തിച്ചുകൊണ്ടിരിക്കുന്ന ആർത്തിപ്പണ്ടാരത്തിന്റെ നിലയല്ല സഹകരണ ബാങ്കുകൾ സ്വീകരിക്കുന്നത്. ജനങ്ങളെ മുന്നിൽക്കണ്ടു ജനോപകാരപ്രദമായ പദ്ധതികളാണു സഹകരണ മേഖല നടപ്പാക്കിയിട്ടുള്ളതെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ചടങ്ങിൽ സഹകരണ മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ചു. പട്ടികജാതി പട്ടികവർഗ, ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ, റവന്യൂ മന്ത്രി കെ. രാജൻ, മുൻ സഹകരണ വകുപ്പ് മന്ത്രിയും എം.എൽ.എയുമായ കടകംപള്ളി സുരേന്ദ്രൻ, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി, സഹകരണ രജിസ്ട്രാർ പി.ബി.നൂഹ്, ജില്ലാ കളക്ടർ ഹരിത വി. കുമാർ തുടങ്ങിയവർ പങ്കെടുത്തു.

## ദുരഭിമാനക്കൊല: സഹോദരനും അമ്മയും ചേർന്ന് ഗർഭിണിയെ തലയറത്തുകൊന്നു

ഔറാംഗാബാദ്: മഹാരാഷ്ട്രയിൽ കൗമാരക്കാരനും അമ്മയും ചേർന്ന് ഇരുപത്തിയൊന്നുകാരിയായ സഹോദരിയെ ദുരഭിമാന കൊലയ്ക്കിരയാക്കി.

സ്വന്തം ഇഷ്ടപ്രകാരം വിവാഹം ചെയ്തതിനാണു ഗർഭിണിയുടെ തലയറുത്ത് സഹോദരൻ പകപോക്കിയത്. അറുത്ത തലയ്ക്കൊപ്പം കൗമാരക്കാരനും അമ്മയും സെൽഫിയെടുത്തു. വൈജാപുർ താലൂക്കിലെ ലാഡ്ഗാവ് ഗ്രാമത്തിൽ ഞായറാഴ്ച ദാരുണ സംഭവം അരങ്ങേറിയത്.

കീർത്തി (21) അവിനാഷ് തോറെ എന്നയാളെ ജൂൺ 21നാണു വിവാഹം കഴിച്ചത്. തുടർന്ന് അവർ ഗയാഗാവ് ഗ്രാമത്തിൽ താമസമാക്കി. ഇത് കീർത്തിയുടെ കുടുംബാംഗങ്ങളെ പ്രകോപിപ്പിച്ചു.

കൗമാരക്കാരനായ സഹോദരനും അമ്മയും കഴിഞ്ഞ ദിവസം കീർത്തിയുടെ വീട്ടിലെത്തി. ചായ തയാറാക്കുന്നതിനിടെ സഹോദരനും അമ്മയും ചേർന്ന് കീർത്തിയുടെ തലയറത്തു. തുടർന്ന് പോലീസ് സ്റ്റേഷനിൽ കീഴടങ്ങി.

## കെ.ഐ.ഇ.ഡിയെ ഇന്ന് മികവിന്റെ കേന്ദ്രമായി പ്രഖ്യാപിക്കും

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റിനെ(കെ.ഐ.ഇ.ഡി) ഇന്നു (ഡിസംബർ 07) സംരംഭകത്വ വികസനത്തിന്റെ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിക്കും. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ വ്യവസായ മന്ത്രി പി. രാജീവ് പ്രഖ്യാപനം നടത്തും. കെ.ഐ.ഇ.ഡിയുടെ ലോഗോയും ചടങ്ങിൽ മന്ത്രി പ്രകാശനം ചെയ്യും.

കെ.ഐ.ഇ.ഡിയുടെ മാസ്റ്റർപ്ലാൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.ഇളങ്കോവനു മന്ത്രി കൈമാറും. വ്യവസായ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ, കെ.ഐ.ഇ.ഡി. എക്സിക്യൂട്ടിവ് ഡയറക്ടറും സി.ഇ.ഒയുമായ ശരത് വി. രാജ്, വ്യവസായ വകുപ്പ് അഡിഷണൽ ഡയറക്ടർ കെ. സുധീർ, കെ.ഐ.ഇ.ഡി. പ്രോഗ്രാം എക്സിക്യൂട്ടിവ് ആർ. രാഹുൽ തുടങ്ങിയവർ പങ്കെടുക്കും.

